വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ഇത് നവീകരിക്കുവാൻ പദ്ധതികളുണ്ട്. അതു സംബന്ധിച്ച് Enterprises Reforms Committee-യുടെ ശുപാർശ കിട്ടിയിട്ടുണ്ട്. ഇപ്പോൾ തൽക്കാലം പ്രതിസന്ധികൾ തരണം ചെയ്യാൻ മൊത്തം 475 ലക്ഷം രൂപ ടെക്സ്റ്റൈൽ മില്ലുകൾക്കു കൊടുക്കുന്ന കൂട്ടത്തിൽ കൊല്ലം മില്ലുമുണ്ട്. ഈ പദ്ധതി ഗവൺമെന്റ് ഊർജ്ജിതമായി നടപ്പിലാക്കുന്നതാണ്.

(5) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ വൈദ്യുത സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ മുന്ന് സബ് സ്റ്റേഷനുകളുടെ പ്രവർത്തനം പൂർത്തീകരിക്കണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 1999- ൽ തറക്കല്ലിട്ട് പ്രവർത്തനമാരംഭിച്ച ചെർപ്പുശ്ശേരി 110 കെ.വി. സബ് സ്റ്റേഷനും, 2000-ൽ നിർമ്മാണ പ്രവർത്തനമാരംഭിച്ച കോങ്ങാടിലേയും ശ്രീകൃഷ്ണപുരത്തെയും 33 കെ. വി. സബ് സ്റ്റേഷന്റേയും പ്രവർത്തനം മന്ദഗതിയിലാണ് മുന്നോട്ടുപോകുന്നത്. വൊൾട്ടേജ് ക്ഷാമംമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഈ സബ് സ്റ്റേഷനുകളുടെ പണി പൂർത്തിയായിക്കഴിഞ്ഞാൽ വളരെ ആശ്വാസകരമാണ്. അടിയന്തിരമായി ഈ സബ് സ്റ്റേഷനുകളുടെ പ്രവർത്തനം പൂർത്തീകരിച്ച് കമ്മിഷൻ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ ചെർപ്പുശ്ശേരി 110 കെ. വി. സബ് സ്റ്റേഷന്റെ പണി പൂർത്തിയായി. ഒറ്റപ്പാലത്തുനിന്നും ചെർപ്പുശ്ശേരിവരെയുള്ള 110 കെ. വി. ലൈനിന്റെ പണി 85 ശതമാനം പൂർത്തിയായി. 11 ടവറുകൾ മാത്രമേ പൂർത്തിയാക്കാൻ ബാക്കിയുള്ളു. ആവശ്യമായ ടവറുകൾ എത്തിക്കുന്നതിന് ഓർഡർ നൽകിക്കഴിഞ്ഞു. 2003 ഒക്ടോബർ 31-നു മുമ്പ് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ശ്രീകൃഷ്ണപുരം, കോങ്ങാട് സബ് സ്റ്റേഷനുകളുടെ പണി 80 ശതമാനം പൂർത്തിയായി. പറളിയിൽ നിന്നും കോങ്ങാടുവരെയുള്ള 33 കെ.വി. ലൈൻ പണി നടന്നുകൊണ്ടിരിക്കുന്നു. കോങ്ങാട്-ശ്രീകൃഷ്ണപുരം സബ് സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. ഈ ജോലികൾ നവംബർ 30-നു മുമ്പ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(6) വിശ്വകർമ്മ തൊഴിലാളികളെ പരമ്പരാഗത തൊഴിൽ സമൂഹമായി പ്രഖ്യാപിക്കണമെന്ന ആവശ്യം

ശ്രീ. ടി. യു. രാധാകൃഷ്ണൻ: കേരളത്തിലെ വിശ്വകർമ്മ സമുദായത്തിലെ 5 സമുദായത്തെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിക്കണമെന്ന വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. കേരളത്തിൽ ലോകമുണ്ടായ കാലംമുതൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ വിഭാഗത്തിൽപ്പെടുന്ന ആളുകൾ പരമ്പരാഗത തൊഴിൽ ചെയ്തു ജീവിക്കുന്നവരാണ് എന്ന കാര്യത്തിൽ എനിക്കോ ഈ സഭയിലിരിക്കുന്ന ആർക്കെങ്കിലുമോ അഭിപ്രായ വ്യത്യാസമില്ല. ഈ സഭയിലെ മുഴുവൻ ആളുകളും നമ്മളിരിക്കുന്ന ഈ മഹത്തായ കെട്ടിടമുൾപ്പെടെ നിർമ്മിച്ച ആ തൊഴിൽവർഗ്ഗത്തെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിക്കണമെന്ന് 2002 മാർച്ചിൽ ഒരു കാളിംഗ് അറ്റൻഷൻ വഴി സഭയിൽ കൊണ്ടുവന്നു. അന്ന് ഗവൺമെന്റ് അത് പരിഗണിക്കാമെന്ന് ഉറപ്പുതന്നതാണ്. പക്ഷെ, കഴിഞ്ഞ ഒരു വർഷം അതിന്റെ പിന്നിൽ നിന്നിട്ട് കേരളത്തിലെ സാമൂഹ്യ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ എന്നും പിന്തള്ളപ്പെടുന്ന ഈ ജനവിഭാഗത്തിന്റെ കാര്യം ശ്രദ്ധിക്കാൻ ആർക്കും കഴിയാത്ത അവസ്ഥ ഉണ്ടായിരിക്കുന്നു. അതുകൊണ്ട് കേരളത്തിന്റെ മുഖ്യമന്ത്രിയെങ്കിലും മുൻകൈയെടുത്ത് ഇവരുടെ ഈ പ്രശ്നം പരിഹരിച്ച് അവരെ പരമ്പരാഗത തൊഴിൽസമൂഹമായി അംഗീകരിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്ന് സഭയുടെ മുമ്പാകെ അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഇത് വളരെ അനുഭാവപൂർവ്വം പരിഗണിക്കാനുള്ള കാര്യമാണ്. ഇതിന് ചില നടപടിക്രമങ്ങളുണ്ട്. ഗവൺമെന്റ് അത് സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിൽസമൂഹമായി ഒരു സമൂഹത്തെ പ്രഖ്യാപിക്കുന്ന സംവിധാനം സത്യത്തിൽ നിലവിലില്ല. ക്രീമിലെയർ വന്നതിനുശേഷം ഇങ്ങനെ ചില സമൂഹങ്ങൾക്ക് സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇപ്രകാരം അംഗീകരിക്കുന്നതിനുള്ള ശ്രമമാരംഭിച്ചിട്ടുണ്ട്. ഇത് തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്നതല്ല. പിന്നോക്ക വിഭാഗ വകുപ്പാണ് ഇത് കൈകാര്യം ചെയ്യുന്നത്. പക്ഷെ, ഇത് ഗവൺമെന്റ് സജീവമായി പരിശോധിച്ചുവരികയാണ്. നിയമപരമായ എല്ലാ വശങ്ങളും പരിശോധിച്ചശേഷം ഗവൺമെന്റ് ഇതിൽ അതിവേഗം നടപടി സ്വീകരിക്കുന്നതാണ്.

IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

1. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 21-ാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 21-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡി. സ്പീക്കർ റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly